# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം: 4857 | 27.06.2014 -ൽ മറുപടി നൽകേണ്ടത്

## മൊബൈൽ ടവർ സ്ഥാപിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. എ. കെ. ബാലൻ** | **ഡോ. എം. കെ. മുനീർ**<br>**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി** |
| (എ) മൊബൈൽ ടവർ നിർമ്മാണത്തിന് പാലിക്കേണ്ട ചട്ടങ്ങൾ സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (എ) ഉണ്ട്. മൊബൈൽ ടവർ നിർമ്മാണത്തിന് പാലിക്കേണ്ട വ്യവസ്ഥകൾ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലും കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലും ഓരോ അദ്ധ്യായങ്ങൾ തന്നെയുണ്ട്. 2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 118 മുതൽ 131 വരെയുള്ള ചട്ടങ്ങളിൽ സവിസ്തരം പ്രതിപാദിക്കുന്നുണ്ട്. മൊബൈൽ ടവറുകൾ സ്ഥാപിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും പെർമിറ്റ് അനിവാര്യമാണ്. റോഡ് അതിരുകളിൽ നിന്നുള്ള അകലം സംബന്ധിച്ചും വ്യവസ്ഥ ചെയ്യുന്നുണ്ട് (ചട്ടം 119). തറവിസ്തീർണ്ണം അനുപാതവും പൊക്കവും സംബന്ധിച്ചുള്ള വ്യവസ്ഥകൾ ചട്ടം 120-ൽ പ്രതിപാദിക്കുന്നു. അനുബന്ധ മുറികൾ സ്ഥാപിക്കുന്നത് സംബന്ധിച്ചും വൈദ്യുത ലൈനിൽ നിന്നുള്ള അകലം പാലിക്കേണ്ടത് സംബന്ധിച്ചും സുരക്ഷാ ഭിത്തി നിർമ്മിക്കുന്നത് സംബന്ധിച്ചും മിന്നലിൽ നിന്നുള്ള സംരക്ഷണം മറ്റ് സ്ഥാപനങ്ങളിൽ നിന്നുള്ള തടസ്സരാഹിത്യം എന്നിവ സംബന്ധിച്ചും മേൽപ്പടി ചട്ടങ്ങളിൽ വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ 130 മുതൽ 142 വരെയുള്ള അദ്ധ്യായങ്ങളിൽ ടവറുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ |

ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 01-08-2013-ൽ ഭാരത സർക്കാരിന്റെ ഡിപ്പാർട്ടുമെന്റ് ഓഫ് ടെലികമ്മ്യൂണിക്കേഷൻ പുറപ്പെടുവിച്ച മൊബൈൽ ടവർ മാർഗ്ഗനിർദ്ദേശങ്ങൾ കേരളത്തിലും അതേപടി പിൻതുടരാൻ 15-03-2014-ലെ സ. ഉ (എം.എസ്) നം. 14/14/വി.സാ.വ പ്രകാരം വിവരസാങ്കേതിക വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഇത് സംബന്ധിച്ച് സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ ;

(ബി) ഉണ്ട്. മൊബൈൽ ടവറുകൾക്ക് പെർമിറ്റ് നൽകുന്നത് സംബന്ധിച്ച് സർക്കാർ 13-09-2009-ൽ 2750/ആർ.ഡി2/09/തസ്വഭവ നമ്പൽ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള സർക്കുലറിൽ മൊബൈൽ ടവറിനു വേണ്ടി അപേക്ഷ സമർപ്പിച്ചു കഴിഞ്ഞാൽ 15 ദിവസത്തിനകം പെർമിറ്റ് നൽകുന്നതിനു നടപടി സ്വീകരിക്കേണ്ടതും യാതൊരു കാരണവശാലും 30 ദിവസത്തിൽ കൂടാൻ പാടില്ലാത്തതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ടവർ നിർമ്മാണവുമായി ബന്ധപ്പെട്ട് പരാതി ലഭിച്ചാൽ അവ പരിശോധിച്ച് പെർമിറ്റ് നൽകേണ്ട കാലയളവിൽ തന്നെ പരിഹാരം കാണേണ്ടതാണെന്നും നിർമ്മാണം നടക്കുന്ന സമയത്ത് പരാതി ലഭിച്ചാൽ നിർമ്മാണങ്ങളിൽ അപകട സാധ്യതയോ നിയമലംഘനമോ ഉണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരിശോധിച്ച് നടപടി സ്വീകരിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

(സി) ടവർ നിർമ്മിക്കുമ്പോൾ പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ ;

(സി) ഉണ്ട്. ടവർ നിർമ്മാണവുമായി ബന്ധപ്പെട്ട വിഷയത്തിൽ ഇൻഫർമേഷൻ ടെക്നോളജി ഡിപ്പാർട്ട്മെന്റിനെയാണ് നോഡൽ ഏജൻസിയായി നിയോഗിച്ചിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ തീർപ്പുകൽപ്പിക്കുന്നതിനായി ജില്ലാ കളക്ടർ ചെയർമാനായും സംസ്ഥാനതലത്തിൽ ചീഫ് സെക്രട്ടറി, ഐ. റ്റി ഡിപ്പാർട്ട്മെന്റ് സെക്രട്ടറി എന്നിവർ യഥാക്രമം ചെയർമാനും കൺവീനറുമായി ടെലകോം കമ്മിറ്റികൾ രൂപീകരിച്ചുകൊണ്ട് 21-08-2013-ലെ സ. ഉ (എം.എസ്) നം. 21/2013/വി.സാ.വ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (ഡി) | ടവറുകൾ സ്ഥാപിക്കുന്നതിനെതിരെ പരിസരവാസികൾ, ആരോഗ്യപ്രശ്നങ്ങൾ അടക്കമുള്ള വിഷയങ്ങൾ ഉന്നയിച്ച് പരാതിപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയതിന് എന്ത് നടപടിയാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടവറുകൾ മൂലമുണ്ടാകുന്ന റേഡിയേഷനും മറ്റ് ആരോഗ്യപ്രശ്നങ്ങളും സംബന്ധിച്ച പത്രവാർത്തകളുടെ അടിസ്ഥാനത്തിൽ പലപ്പോഴും മൊബൈൽ ടവറുകൾ സ്ഥാപിക്കുന്നതിനെതിരെ പരാതികൾ ഉയർന്നിട്ടുണ്ട്. കേരളത്തിൽ കൊച്ചി ആസ്ഥാനമാക്കി പ്രവർത്തിച്ചുവരുന്ന Telecom Enforcement Resource & Monitoring (TERM - Kerala) ആണ് മൊബൈൽ ടവർ റേഡിയേഷൻ സംബന്ധിച്ച വിഷയങ്ങൾ കൈകാര്യം ചെയ്തു വരുന്നത്. |
| (ഇ) | ഇത് സംബന്ധിച്ച് നാട്ടുകാരും, മൊബൈൽ കമ്പനികളും തമ്മിൽ സംസ്ഥാനത്തുടനീളം കേസ്സുകൾ നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത്തരം കേസ്സുകളിൽ സർക്കാർ എന്ത് നിലപാടാണ് കോടതിയിൽ സ്വീകരിച്ചുവരുന്നത് ; | (ഇ) | ഉണ്ട്. റേഡിയേഷൻ സംബന്ധിച്ച വിഷയത്തിൽ മുഖ്യമായും Telecom Enforcement Resource & Monitoring (TERM) Cell - ന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് നിലപാട് കൈക്കൊള്ളുന്നത്. അതുപോലെ വസ്തു തർക്കം, Diesel Generator മുഖാന്തിരം ഉണ്ടാകുന്ന മലിനീകരണ പ്രശ്നങ്ങൾ പോലെ ഉള്ള കേസ്, നിലവിലുള്ള നിയമങ്ങൾ/മാനദണ്ഡങ്ങൾ/ചട്ടങ്ങൾ എന്നിവയ്ക്ക് വിരുദ്ധമായ വിഷയങ്ങൾ സംബന്ധിച്ചുള്ള കേസുകളിൽ ഇതുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് നിലപാട് കൈക്കൊള്ളുന്നത്. |
| (എഫ്) | സർക്കാർ ചട്ടങ്ങൾ പുറപ്പെടുവിക്കാത്തതിനാൽ കോടതിയിൽ നിന്നും കമ്പനികൾക്ക് അനുകൂലമായി വിധിയുണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? | (എഫ്) | സർക്കാർ ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. കേരളത്തിൽ മൊബൈൽ ടവർ പെർമിറ്റ് നൽകുന്നത്, കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ, കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ എന്നിവ അനുസരിച്ചാണ്. |

Vijayan

സെക്ഷൻ ഓഫീസർ